**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 829** **28-01-2026 - ൽ മറുപടിയ്ക്ക്**

**ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിലെ അമൂല്യ വസ്തുക്കളുടെ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീമതി ഉമ തോമസ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | ദേവസ്വം ബോർഡിന്റെ കീഴിൽ വരുന്ന ക്ഷേത്രങ്ങളിലെ അമൂല്യ വസ്തുക്കൾ സംരക്ഷിക്കാൻ ദേവസ്വം വകുപ്പിൽ നിക്ഷിപ്തമായ ചുമതലകൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ പൊതു ക്ഷേത്രങ്ങളുടെ ഭരണ നിർവ്വഹണത്തിനായി അഞ്ച് ദേവസ്വം ബോർഡുകൾ/ഭരണസമിതികളാണ് നിലവിലുള്ളത്. അവ തിരുവിതാംകൂർ ദേവസ്വം ബോർഡ്, കൊച്ചിൻ ദേവസ്വം ബോർഡ്, മലബാർ ദേവസ്വം ബോർഡ്, ഗുരുവായൂർ ദേവസ്വം, കൂടൽമാണിക്യം ദേവസ്വം എന്നിവയാണ്. തിരുവിതാംകൂർ ദേവസ്വം ബോർഡ്, കൊച്ചിൻ ദേവസ്വം ബോർഡ് എന്നിവയുടെ ഭരണനിർവ്വഹണം 1950-ലെ തിരുവിതാംകൂർ കൊച്ചിൻ ഹിന്ദുമത സ്ഥാപന നിയമത്തിന്റെ അടിസ്ഥാനത്തിലും മലബാർ ദേവസ്വം ബോർഡിന്റെ ഭരണനിർവ്വഹണം 1951-ലെ മദ്രാസ് ഹിന്ദുമത ധർമ്മ സ്ഥാപന എൻഡോവ്മെന്റ്സ് നിയമത്തിന്റെ അടിസ്ഥാനത്തിലും ഗുരുവായൂർ ദേവസ്വത്തിന്റെ ഭരണനിർവ്വഹണം 1978-ലെ ഗുരുവായൂർ ദേവസ്വം നിയമത്തിന്റെ അടിസ്ഥാനത്തിലും കൂടൽമാണിക്യം ദേവസ്വത്തിന്റെ ഭരണനിർവ്വഹണം 2005-ലെ കൂടൽമാണിക്യം ദേവസ്വം ആക്ടിന്റെ അടിസ്ഥാനത്തിലുമാണ് നടന്നുവരുന്നത്.<br><br>ടി നിയമങ്ങൾ പ്രകാരം തിരുവിതാംകൂർ ദേവസ്വം ബോർഡ്, കൊച്ചിൻ ദേവസ്വം ബോർഡ്, ഗുരുവായൂർ ദേവസ്വം, കൂടൽമാണിക്യം ദേവസ്വം എന്നിവയുടെ കീഴിൽ വരുന്ന ക്ഷേത്രങ്ങളുടെ ദൈനംദിന ഭരണനിർവ്വഹണവും അമൂല്യ വസ്തുക്കൾ സംരക്ഷിക്കുന്നതിനുള്ള ചുമതലയും നിക്ഷിപ്തമായിരിക്കുന്നത് അതത് ദേവസ്വം ബോർഡുകൾ/ഭരണസമിതികൾക്കാണ്. മലബാർ ദേവസ്വം ബോർഡിന്, നിയന്ത്രണത്തിലുള്ള, ക്ഷേത്രങ്ങളുടെ മേൽനോട്ട ചുമതല മാത്രമാണുള്ളത്. ക്ഷേത്രങ്ങളുടെ ദൈനംദിന ഭരണ നിർവ്വഹണവും സാമ്പത്തിക ഇടപാടുകളും അതത് |

| | | | |
|---|---|---|---|
| | | | ക്ഷേത്രഭരണാധികാരികളാണ് നിർവ്വഹിക്കുന്നത് എന്നതിനാൽ മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ അമൂല്യവസ്തുക്കൾ അതാത് ക്ഷേത്ര ഭരണാധികാരികളുടെ ഉത്തരവാദിത്തത്തിൽ അതത് ക്ഷേത്രങ്ങളിലെ സ്ട്രോങ് റൂമിലോ ക്ഷേത്രത്തിന്റെ പേരിലുള്ള ബാങ്ക് ലോക്കറിലോ ആണ് സൂക്ഷിച്ച് വരുന്നത്.<br><br>ശ്രീ പത്മനാഭസ്വാമി ക്ഷേത്രത്തിലെ നിലവറ തിട്ടപ്പെടുത്തിയ മാതൃകയിൽ ദേവസ്വത്തിലെയും ക്ഷേത്രങ്ങളിലെയും സ്ട്രോങ് റൂമുകളിൽ സൂക്ഷിച്ചിട്ടുള്ള വിലപിടിപ്പുള്ള വസ്തുക്കൾ തിട്ടപ്പെടുത്തി ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന നിർദ്ദേശം 2018-ൽ തന്നെ 09.01.2018-ലെ റവ-ദേവ2/20/2018-റവ കത്ത് പ്രകാരം സർക്കാർ എല്ലാ ദേവസ്വങ്ങൾക്കും നൽകിയിട്ടുള്ളതാണ്. തുടർന്ന് ഈ വിഷയത്തിൽ വിവിധ കത്തുകളിലൂടെ തുടർ നിർദേശങ്ങളും നല്കിയിട്ടുള്ളതാണ്. കൂടാതെ ബഹു. ദേവസ്വം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ദേവസ്വം ബോർഡ്/ ഭരണസമിതികളുടെ അദ്ധ്യക്ഷൻമാരുമായി നടത്തിയിട്ടുള്ള വിവിധ യോഗങ്ങളിൽ ദേവസ്വം ബോർഡുകളുടെ ഭരണം കാര്യക്ഷമമാക്കുന്നതിനുള്ള സമാനമായ വിവിധ നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതാണ്. |
| (ബി) | ശബരിമല ക്ഷേത്രത്തിലെ ദ്വാരപാലക ശില്പത്തിലും കട്ടിള പാളിയിലും അടക്കം സ്ഥാപിച്ച സ്വർണ്ണപ്പാളികൾ മോഷണം പോയത് വകുപ്പ് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. ബഹു. കേരള ഹൈക്കോടതിയുടെ SSCR No.23/2025 നമ്പർ കേസിലെ 06.10.2025 തീയതിയിലെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ 09.10.2025-ലെ സ.ഉ.(കൈ) നം. 193/2025/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം രൂപീകരിച്ച പ്രത്യേക അന്വേഷണ സംഘം ശബരിമല ശ്രീകോവിലിലെ ദ്വാരപാലക ശില്പം, കട്ടിളപ്പാളി എന്നിവയുടെ അറ്റകുറ്റപ്പണികളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ അന്വേഷണം നടത്തിവരുന്നുണ്ട്. |
| (സി) | സമാനമായ സംഭവങ്ങൾ തടയാൻ ദേവസ്വം വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ? | (സി) | ശ്രീ പത്മനാഭസ്വാമി ക്ഷേത്രത്തിലെ നിലവറ തിട്ടപ്പെടുത്തിയ മാതൃകയിൽ ദേവസ്വത്തിലെയും ക്ഷേത്രങ്ങളിലെയും സ്ട്രോങ് റൂമുകളിൽ സൂക്ഷിച്ചിട്ടുള്ള വിലപിടിപ്പുള്ള വസ്തുക്കൾ തിട്ടപ്പെടുത്തി ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന നിർദ്ദേശം 09.01.2018-ലെ റവ-ദേവ2/20/2018-റവ കത്ത് പ്രകാരം സർക്കാർ എല്ലാ ദേവസ്വങ്ങൾക്കും നൽകിയിട്ടുള്ളതാണ്. തുടർന്ന് ഈ വിഷയത്തിൽ വിവിധ കത്തുകളിലൂടെ തുടർ നിർദേശങ്ങളും നല്കിയിട്ടുള്ളതാണ്. കൂടാതെ ബഹു. ദേവസ്വം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ |

| | | | |
|---|---|---|---|
| | | | ദേവസ്വം ബോർഡ്/ഭരണസമിതികളുടെ അദ്ധ്യക്ഷൻമാരുമായി നടത്തിയിട്ടുള്ള വിവിധ യോഗങ്ങളിൽ ദേവസ്വം ബോർഡുകളുടെ ഭരണം കാര്യക്ഷമമാക്കുന്നതിനുള്ള സമാനമായ വിവിധ നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതാണ്.<br><br>ശബരിമലയുമായി ബന്ധപ്പെട്ട വിഷയത്തിൽ പ്രത്യേക അന്വേഷണ സംഘത്തിന്റെ അന്വേഷണം നടന്നുവരികയാണ്. അന്വേഷണം പൂർത്തിയായ ശേഷം പ്രസ്തുത അന്വേഷണത്തിലെ കണ്ടെത്തലുകളുടെയും ബഹു. ഹൈക്കോടതിയുടെ നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ മാത്രമേ തുടർനടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ